**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65** **26-07-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി ശാന്തകുമാരി കെ. | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡാനന്തരം വിനോദസഞ്ചാര മേഖലയെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് കോവിഡാനന്തരം വിനോദസഞ്ചാര മേഖലയെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് താഴെ പറയുന്ന 13 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. 1. ഡെവലപ്മെന്റ് പ്ലാൻ ഫോർ കോവളം - പൂവാർ ടൂറിസം കോറിഡോർ 2. ഡെവലപ്മെന്റ് പ്ലാൻ ഫോർ കുമരകം 3. ഗോൾഡൻവാലി (പൊൻമുടി) 4. നിലമ്പൂർ മാസ്റ്റർപ്ലാൻ 5. അഷ്ടമുടി മാസ്റ്റർപ്ലാൻ 6. ഡെവലപ്മെന്റ് പ്ലാൻ ഫോർ തേക്കടി 7. ഫോർട്ട് കൊച്ചി മാസ്റ്റർപ്ലാൻ 8. കക്കയം-പെരുവണ്ണാമുഴി മാസ്റ്റർപ്ലാൻ 9.കാലടി-മലയാറ്റൂർ-ആതിരപ്പള്ളി മാസ്റ്റർപ്ലാൻ 10. നിളാ മാസ്റ്റർപ്ലാൻ 11. മൂന്നാർ സ്പെഷ്യൽ ടൂറിസം സോൺ 12. നോർത്ത് മലബാർ റീജിയൻ 13. തലശ്ശേരി മാസ്റ്റർപ്ലാൻ |
| (സി) | വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വൃത്തിയുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പദ്ധതികൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | വിനോദസഞ്ചാരകേന്ദ്രങ്ങളുടെ സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദവുമായ വികസനം "ഗ്രീൻ കാർപെറ്റ് പദ്ധതി"യിലൂടെ നടപ്പിലാക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. "ഗ്രീൻ കാർപെറ്റ് പദ്ധതി"യിലൂടെ നിർമ്മാണ പ്രവൃത്തികൾ, മാലിന്യനിർമ്മാർജ്ജനം, ശുദ്ധമായ കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കി വരുന്നു. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാരികൾക്ക് ബോധവത്ക്കരണവും, വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം |

| | | | |
|---|---|---|---|
| | | | പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ള വിനോദസഞ്ചാരകേന്ദ്രങ്ങളിൽ പ്രത്യേക പരിശീലനം നേടിയ ലൈഫ്ഗാർഡുകളെ വിന്യസിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കി വരുന്നു. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോക നിലവാരമുള്ള ടോയ് ലെറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് 17.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ